## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2594 09.03.2017-ലെ മറുപടി

### കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ് : | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| എ സംസ്ഥാനത്തെ തീരദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ; | എ സംസ്ഥാനത്തെ തീരദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി തീരദേശ വികസന പദ്ധതികൾ, ഡെപ്പോസിറ്റ് വർക്കുകൾ, SAGY പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി വിവിധ കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾ നടന്നു വരുന്നു. ഈ പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ എടുത്തു വരുന്നു. |
| ബി മറ്റ് സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും നടപ്പിലാക്കുന്നതുപോലെ കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; | ബി യും സി യും ഡി യും ഇത്തവണത്തെ വരൾച്ചയുടെ പശ്ചാത്തലത്തിൽ സാദ്ധ്യതകൾ പരിശോധിച്ചു വരുന്നു. |
| സി ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | |
| ഡി ഇല്ലെങ്കിൽ പദ്ധതിയുടെ പ്രായോഗികത പരിശോധിക്കുന്നതിനും പ്രായോഗികമാണെങ്കിൽ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | |

Renuka Sankar
സെക്ഷൻ ഓഫീസർ